# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ:6955 13.07.2012 - ൽ മറുപടിക്ക്

## കുടിവെള്ളത്തിനായി നിവേദനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ.കെ. ശശീന്ദ്രൻ | ശ്രീ. പി ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) കഴിഞ്ഞ ഒരു കൊല്ലത്തിലധികമായി രാത്രി 12 മണിക്ക് ശേഷം മാത്രം വളരെകുറച്ച് കുടിവെള്ളം ലഭിക്കുന്നുവെന്ന് പരാതിപ്പെട്ടുകൊണ്ട് തിരുവനന്തപുരം, വലിയശാല, റ്റി.സി. 23/9311 ൽ താമസം ശ്രീ.രഘുവീരൻ തുടങ്ങി 4 പേർ ചേർന്ന് നൽകിയ നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ നിവേദനം എന്ന് ലഭിച്ചെന്ന് വ്യക്തമാക്കാമോ; ഇതിന്മേൽ എന്തു നടപടി സ്വീകരിച്ചു; | (എ) ശ്രീ. രഘുവീരൻ തുടങ്ങി 4 പേർ നൽകിയ നിവേദനം 20.06.2012-ൽ ആണ് ലഭിച്ചത്. ശ്രീ. രഘുവീരൻ തുടങ്ങി 4 പേർ ജിഐ കുഴലുകൾ സ്വന്തം ചെലവിൽ സ്ഥാപിച്ചാണ് വാട്ടർ കണക്ഷൻ എടുത്തിരിക്കുന്നത്. ഇതിന് ഏകദേശം 20 വർഷത്തിൽ കൂടുതൽ കാലപ്പഴക്കം ഉണ്ട്. ടി ഉപഭോക്താക്കൾ സ്വന്തം ചെലവിൽ സ്ഥാപിച്ച സർവ്വീസ് ലൈ-നിൽ കാലപ്പഴക്കം മൂലമുണ്ടായ ബ്ലോക്കാണ് ശുദ്ധജല ലഭ്യതയിൽ കുറവുണ്ടാകുന്നതിന് കാരണമായത് നിലവിലെ നിയമപ്രകാരം ഇവ മാറ്റി സ്ഥാപിക്കുകയോ തകരാറുകൾ പരിഹരിക്കുകയോ ചെയ്യേണ്ടതിന്റെ ഉത്തരവാ-ദിത്വം ടി ഉപഭോക്താക്കൾക്കാണ്. |
| (ബി) ഇവർക്ക് തുടർച്ചയായി കുടിവെള്ളം ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (ബി) ശ്രീ.രഘുവീരൻ തുടങ്ങി 4 പേർ അവരുടെ കേടായ സർവ്വീസ് ലൈൻ മാറ്റി സ്ഥാപിക്കുന്നതിന് അവരുടെ സ്വന്തം ചെലവിൽ വാട്ടർ അതോറിറ്റിയുടെ നിലവിലുള്ള ആൾട്ടറേഷൻ നിയമപ്രകാരം നടപടി സ്വീകരിക്കുകയാണെങ്കിൽ ടി പരാതിക്കാർക്ക് തുടർച്ചയായി കുടിവെള്ളം ലഭ്യമാവുന്നതാണ്. |

സെക്ഷൻ ഓഫീസർ